بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khuthba Summary 01.07.16 ഖുത്ബ സംഗ്രഹം

**സയ്യിദുനാ ഹദ്‌റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്**

*01.07.16 ന് ബൈത്തുൽ ഫുത്തൂഹ് ലണ്ടനിൽ നിർവഹിച്ച ജുമുആ ഖുത്ബയുടെ സംഗ്രഹം*

**ഏതൊരു ദിവസവും ജുമുഅയുമാണോ നമ്മൾ റമളാനിൽ കഴിച്ചുകൂട്ടിയത് ഏതൊരു അനുഗ്രഹങ്ങളാണോ നമ്മൾ റമളാനിൽ കരസ്ഥമാക്കിയത് അതിൽ നിലനിന്നുകൊണ്ട് നമ്മുടെ എല്ലാ കഴിവുകളോടും ശക്തിയോടുംകൂടി അടുത്ത റമളാനെ സ്വാഗതം ചെയ്യുക.**

തശഹ്ഹുദും തഅവ്വുദും സൂറ ഫാതിഹാ ഓതിയതിനും ശേഷം അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആലാ ബിനസ്‌രിഹിൽ അസീസ് സൂറ ജുമുഅയിലെ10,11 വചനങ്ങൾ പാരായണം ചെയ്തു. തുടർന്നു പറഞ്ഞു:

അല്ലാഹു റമളാനിലെ നോമ്പ് നിർബന്ധമാക്കി കല്പിച്ചപ്പോൾ, അതിനോടൊപ്പം ***'അയ്യാമൻ മഅ്ദൂദാത്ത്'***അത് എണ്ണപ്പെട്ട ചില ദിനങ്ങളാണെന്നും പറഞ്ഞു. റമാളാൻ തുടങ്ങിയപ്പോൾ നമ്മളിൽ ധാരാളമാളുകൾ ഉഷ്ണകാലത്ത് പകൽ ദൈർഘ്യമുള്ളതാണ്,അതിൽ ഈ 30 ദിവസം എങ്ങനെയാണ് കഴിച്ചുകൂട്ടുക, വലിയ പ്രയാസമുണ്ടാകുമല്ലോ എന്നൊക്കെ ചിന്തിച്ചിട്ടുണ്ടാകും. പക്ഷേ, അല്ലാഹു എണ്ണപ്പെട്ട ചില ദിനങ്ങൾ എന്ന് പറഞ്ഞതുപോലെ ആ ദിനങ്ങളും കടന്നുപോയി.

അമീറുൽ മുഅ്മിനീൻ പറഞ്ഞു: ഇന്ന് റമളാന്റെ അവസാന ജുമുഅയാണ്. അഞ്ചോ ചിലയിടങ്ങളിൽ നാലോ നോമ്പാണ് ബാക്കിയുള്ളത്. റമാളാനിൽനിന്ന് പൂർണമായും ഫലമെടുക്കാൻ കഴിഞ്ഞിട്ടില്ലെങ്കിൽ, അതിൽ എന്തെങ്കിലും കുറവു വന്നുപോയിട്ടുണ്ടെങ്കിൽ നമ്മളിൽ ഓരോരുത്തരും അത് അകറ്റാൻ ഇനിയുള്ള നാലഞ്ചു ദിവസങ്ങളിൽ പരിശ്രമിക്കുക.

'അല്ലാഹുവേ! ഞങ്ങളുടെ ന്യൂനതകൾ മറച്ചുവെക്കേണമേ, ഞങ്ങളിൽ കരുണചൊരിയേണമേ, റമളാനിലെ അനുഗ്രഹങ്ങൾ ഞങ്ങൾക്കു നിഷേധിക്കരുതേ' എന്നിങ്ങനെ അല്ലാഹുവിനോടു ദുആ ഇരക്കുക. ഞാൻ പറഞ്ഞതുപോലെ ഇന്ന് റമളാനിലെ അവസാനത്തെ ജുമുഅയാണ്. ഈ ജുമുഅയെ പൊതുവെ 'ജുമുഅത്തുൽ വിദാ' എന്നാണ് പറയുന്നത്. ഈ ജുമുഅയെ റമളാനിലെ അവസാനത്തെ ജുമുഅയായി മനസ്സിലാക്കിക്കൊണ്ട്, ഈ ജുമുഅയിൽ സകല ദുആകളും സ്വീകരിക്കപ്പെടുന്നു എന്ന സങ്കല്പമാണ് പൊതുമുസ്‌ലീംകളിലുള്ളത്. ഈ ജുമുഅയിൽ പങ്കെടുത്ത് നമസ്കരിച്ചാൽ വർഷം മുഴുവൻ വിട്ടുകളഞ്ഞ നമസ്കാരങ്ങളും ജുമുഅകളും എല്ലാ തരത്തിലുള്ള ആരാധനകളും നിർവഹിക്കപ്പെട്ടതായി ഗണിക്കപ്പെടുമത്രെ! പക്ഷേ, ഒരു യഥാർഥ മുഅ്മിന് ഈ സങ്കല്പമില്ല. ഇത് അങ്ങേയറ്റം അബദ്ധജടിലമായ സങ്കല്പമാണ്. ഒരു അഹ്മദിയുടേയും യഥാർഥ മുഅ്മിന്റേയും പക്കൽ അത്തരം കാര്യങ്ങളും ചിന്തകളും ദീനിനെ പരിഹസിക്കുന്ന കാര്യങ്ങളാണ്.

ഒരിക്കൽ ഒരു മജ്‌ലിസിൽ ഹദ്‌റത്ത് മസീഹ് മൗഊദ് (അ)നോടു ചോദിക്കപ്പെട്ടു; 'ജുമുഅത്തുൽവിദാ' ദിവസം ആളുകൾ 4 റക്അത്ത് നമസ്കരിക്കുന്നു. അതിനു പേരു വച്ചിട്ടുള്ളത് 'ഖളായെ ഉമരി' എന്നാണ്. അതിന്റെ ഉദ്ദേശ്യം മുമ്പേ വിട്ടു കളഞ്ഞ നമസ്കാരങ്ങൾക്കെല്ലാം ഇതു പകരമാകുമെന്നാണ്. ഇതിനെന്തെങ്കിലും തെളിവുണ്ടോ? ഇതിന്റെ യാഥാർഥ്യമെന്താണ്? ഇത് അനുവദനീയമാണോ?

ഹദ്‌റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞു:"ഒരു വ്യർഥമായ കാര്യമാണ്." അവിടന്ന് പറഞ്ഞു:"ഖളായെ ഉമരി ദിവസം നമസ്കരിക്കാമെന്നു കരുതി ആരാണോ മനഃപൂർവം വർഷം മുഴുവനുമുള്ള നമസ്കാരം ഉപേക്ഷിക്കുന്നത് അവൻ പാപിയാണ്. ആരാണോ ലജ്ജിതനായി ഇതിൽനിന്ന് തൗബ ചെയ്തു മടങ്ങുന്നത്, ഇനിയൊരിക്കലും നമസ്കാരം ഉപേക്ഷിക്കുകയില്ല എന്ന ഉദ്ദേശ്യത്തോടെ നമസ്കരിക്കുന്നത് അവന് കുറ്റമൊന്നുമില്ല." ഹദ്‌റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞു:"നാം ഇക്കാര്യത്തിൽ ഹദ്‌റത്ത് അലിയുടെ മറുപടിയാണ് നല്കുന്നത്. ഹദ്‌റത്ത് അലി (റ) മറുപടി കൊടുത്ത സംഭവം ഹദ്‌റത്ത് മസീഹ് മൗഊദ് (അ) വിവരിച്ചു: "ഒരിക്കൽ ഒരാൾ അസമയത്ത് നമസ്കരിക്കുകയായിരുന്നു. അത് നമസ്കാരം വിലക്കപ്പെട്ട സമയമായിരുന്നു. അപ്പോഴാണ് അയാൾ നമസ്കരിച്ചുകൊണ്ടിരുന്നത്. ആരോ ഹദ്‌റത്ത് അലിയോടു പറഞ്ഞു: താങ്കൾ കാലത്തിന്റെ ഖലീഫയാണല്ലോ. അയാളെ നമസ്കരിക്കുന്നതിൽനിന്ന് എന്തുകൊണ്ട് തടയുന്നില്ല? നമസ്കാരം വിരോധിച്ചിട്ടുള്ള നേരത്താണല്ലോ അയാൾ നമസ്കരിക്കുന്നത്! ഹദ്‌റത്ത് അലി(റ)പറഞ്ഞു: ***അറയ്ത്തല്ലദീ യൻഹാ അബ്ദൻ ഇദാ സ്വല്ലാ*** അല്ലാഹുവിന്റെ ഒരു ദാസൻ നമസ്കരിക്കുമ്പോൾ അവനെ തടയുന്നവനെ നീ കണ്ടുവോ? എന്ന ആയത്തിന്റെ കീഴിൽപ്പെട്ടുപോകുമോ എന്ന് ഞാൻ ഭയക്കുന്നു." ഹദ്‌റത്ത് മസീഹ് മൗഊദ്(അ)ഈ ഉദ്ധരണിക്കുശേഷം പറയുന്നു: "ലജ്ജിതനായിക്കൊണ്ട് വിട്ടുപോയ നമസ്കാരം നമസ്കരിക്കുകയാണെങ്കിൽ നമസ്കരി

ച്ചുകൊള്ളട്ടെ. എന്തിനാണ് തടയുന്നത്? എന്തായാലും ദുആ തന്നെയാണല്ലോ ചെയ്യുന്നത്! അതേ, അതിൽ ധൈര്യക്കേട് തീർച്ചയായുമുണ്ട്."

അമീറുൽമുഅ്മിനീൻ പറഞ്ഞു: പരിഷ്കരണത്തിന്റേതല്ലാത്ത ഖളായെ ഉമരിയാണ് ഉദ്ദേശ്യമെങ്കിൽ അത് ധൈര്യക്കേടാണെന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)വ്യക്തമായും പറഞ്ഞിരിക്കുന്നു. ഇന്ന് ഞാൻ നാലു റക്അത്ത് നമസ്കരിക്കുകയാണ്, ഇന്നുമുതൽ ഞാൻ തൗബ ചെയ്യുന്നു. തുടർന്ന് കൃത്യമായി നമസ്കരിക്കുമെന്നാണ് നിയ്യത്തെങ്കിൽ അത് ശരിയാണ്. പരിഷ്കരണോദ്ദേശ്യമില്ലെങ്കിൽ അത്തരം വ്യക്തി പാപിയാണ്.

അമീറുൽമുഅ്മിനീൻ പറഞ്ഞു: മുഅ്മിൻ അല്ലാഹു പറഞ്ഞിട്ടുള്ള നന്മകൾ തുടർന്ന് ചെയ്തുകൊണ്ടിരിക്കുന്നവനാണ്. അവൻ അല്ലാഹുവിനോടുള്ള നന്ദി വികാരങ്ങളാൽ നിറഞ്ഞവനായിരിക്കും. അവൻ അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനുവേണ്ടിയാണ് റമളാനിലൂടെ കടന്നുപോകുന്നത്. അല്ലാഹുവിന്റെ കല്പനയിലൂടെ നടന്നായിരിക്കും അവൻ റമളാനോടു വിട പറയുക. അതായത് ഇപ്പോൾ ഞാൻ റമളാനോടു വിട പറയുകയാണ്. പക്ഷേ, ഈ ദിനങ്ങളുടെ ഓർമ എന്നെന്നും മനസ്സിൽ ആർദ്രമാക്കി വെക്കുമെന്ന വലിയ ഭാരമുള്ള മനസ്സോടെയായിരിക്കും വിടപറയുന്നത്. റമളാനിൽ പഠിച്ചിട്ടുള്ള വളരെ പ്രധാനപ്പെട്ടതും നല്ലതുമായ കാര്യങ്ങൾ അയവിറക്കിക്കൊണ്ടിരിക്കുന്നതാണ്. ആരാധനകളോടു റമളാനിലുണ്ടായ ശ്രദ്ധ എപ്പോഴും ജീവിപ്പിച്ചുനിറുത്തുന്നതാണ്. നിന്റെ സാമീപ്യം പ്രാപിക്കുന്നതിനുള്ള ഞങ്ങളുടെ ചുവട് ഒരിക്കലും നിലച്ചുപോകുകയില്ല. ഞങ്ങൾ നിന്റെ സ്നേഹത്തിന്റെ അത്ഭുത ദൃശ്യങ്ങൾ കണ്ടിരിക്കുന്നു. നടന്ന് ഞങ്ങൾ നിന്റെ അടുത്തുവരാൻ ശ്രമിക്കുമ്പോൾ നീ നിന്റെ വാഗ്ദാനമനുസരിച്ച് ഓടി ഞങ്ങളുടെ അടുത്തു വരുന്നു. അപ്പോൾ പിന്നെ ഞങ്ങളുടെ ഭൗതികമായ ബന്ധങ്ങളുടെ ഓർമ ആർദ്രമാക്കിവെക്കുകയും ഏറ്റവുമധികം സ്നേഹിക്കുന്ന അവന്റെ ഓർമയേയും ഔദാര്യങ്ങളേയും വിസ്മരിക്കുകയും ചെയ്യുന്നതെങ്ങനെയാണ്. അല്ലാഹുവിന്റെ ഔദാര്യത്തിന്റെ രീതിയും അത്ഭുതകരമാണ്. ഓരോ ഏഴാമത്തെ ദിവസവും ജുമുഅ വെച്ചുകൊണ്ട് നമ്മളെ ഈ അനുഗ്രഹങ്ങൾ എടുക്കുന്നവരാക്കി; അത് ജുമുഅത്തുൽവിദാ ദിവസം കിട്ടേണ്ടതായിരുന്നു. അല്ലെങ്കിൽ കിട്ടുന്നു! നബി(സ)തിരുമേനി പറഞ്ഞു, 'ജുമുഅയിൽ ഒരു പ്രത്യേക നിമിഷം വരുന്നുണ്ട്. ഒരു മുസ്‌ലിം നിന്നു നമസ്കരിക്കുമ്പോൾ അവൻ ചെയ്യുന്ന ദുആ അതിൽ സ്വീകരിക്കപ്പെടുന്നു. പക്ഷേ, ഈ നിമിഷം വളരെ ഹ്രസ്വമാണ്. അതുകൊണ്ട് ഇന്നേക്കുശേഷം അല്ലാഹുവിന്റെ ആ സാമീപ്യത്തിന്റെ നിമിഷങ്ങളിൽ നിന്ന് അകന്നു പൊയ്ക്കൊണ്ടിരിക്കുകയല്ലല്ലോ; എന്നല്ല ആ സമയം ഏഴു ദിവസത്തിനുശേഷം വീണ്ടും കിട്ടാനുള്ളതാണ്. ആരെങ്കിലും ഈ നന്മകളോടും നിമിഷങ്ങളോടും വിട പറയുകയാണെങ്കിൽ അവൻ മുഅ്മിനല്ല." പറഞ്ഞു: "നബി(സ)തിരുമേനി നമുക്ക് അല്ലാഹുവിനെ പെട്ടെന്നു കാണുന്നതിനും അവന്റെ തൃപ്തി കരസ്ഥമാക്കുന്നതിനുമുള്ള വഴി മനസ്സിലാക്കിത്തന്നുകൊണ്ടു പറഞ്ഞു: 'മനുഷ്യൻ വൻ പാപങ്ങളിൽനിന്ന് രക്ഷപ്പെട്ടുകൊണ്ടിരുന്നാൽ അഞ്ചു നമസ്കാരങ്ങൾ, -ഒരു ജുമുഅമുതൽ അടുത്ത ജുമുഅവരേക്കും ഒരു റമളാൻ മുതൽ അടുത്ത റമളാവരേക്കും ഇടയിലുണ്ടാകുന്ന പാപങ്ങൾക്ക് പ്രായശ്ചിത്തമായിത്തീരുന്നു."

തുടക്കത്തിൽ ഞാൻ ഓതിയ വചനത്തിലും അല്ലാഹു ജുമുഅയുടെ പ്രാധാന്യത്തെ കുറിച്ച് പറഞ്ഞിരിക്കുന്നു. പ്രത്യേകിച്ചും ജുമുഅയിൽ പങ്കെടുക്കുന്നതിലേക്ക് ശ്രദ്ധ ക്ഷണിച്ചിരിക്കുകയാണ്. ജുമുഅയുടെ ബാങ്കുകേട്ടാൽ നിങ്ങളുടെ എല്ലാ കച്ചവടങ്ങളും അവസാനിപ്പിക്കുക. ജുമുഅ നമസ്കരിക്കാൻ വരിക. ജുമുഅ ഖുത്‌ബയും നമസ്കാരത്തിന്റെ ഭാഗമാണ്. അതുകൊണ്ട് നമസ്കാരം തുടങ്ങുന്നതോടെ എത്തുകയും നമസ്കാരത്തിൽ പങ്കെടുക്കുകയും ചെയ്താൽ മതിയെന്ന് കരുതി മടി കാണിക്കരുത്. ഖുത്‌ബ തുടങ്ങുന്നതിനു മുമ്പേ എത്താൻ ശ്രമിക്കേണ്ടതാണ്. ഇക്കാലത്ത് അല്ലാഹു നമുക്ക്-ഇവിടെ ഉപോൽബലകമായി പറയട്ടെ, എന്നല്ല വളരെ പ്രധാനപ്പെട്ടതാണ്-എം.ടി.എയുടെ സംവിധാനം നല്കിയിരിക്കുകയാണ്. യൂറോപ്പിലും ആഫ്രിക്കയിലെ ചില രാജ്യങ്ങളിലും ജുമുഅയുടെ സമയം ഒന്നുതന്നെയാണ്. അതുകൊണ്ട് സമയം രണ്ടും ഒന്നാകുമ്പോൾ ഖലീഫയുടെ ഖുത്‌ബ കേൾക്കേണ്ടതാണ്. സമയവ്യത്യാസമുള്ളിടങ്ങളിലും അഹ്മദികൾ ഖുത്‌ബകൾ കേൾക്കേണ്ടതാണ്. ലൈവ് കേൾക്കാൻ കഴിയുന്നില്ലെങ്കിൽ റെക്കോർഡിംഗ് കേൾക്കേണ്ടതാണ്. ഈ ഖുത്‌ബയുടെ വിശദമായ ഉദ്ധരണികളെടുത്ത് ഖുത്‌ബ കൊടുക്കുന്നവരോ ഖുത്‌ബ കൊടുക്കുന്ന മുബല്ലിഗുമാരോ മുറബ്ബിതുടങ്ങിയവരോ തങ്ങളുടെ ജമാഅത്തുകളിൽ ആദ്യ ദിവസമോ അടുത്തദിവസമോ അടുത്തദിവസമല്ലെങ്കിൽ അടുത്തയാഴ്ച ഖുത്‌ബ കേൾപ്പിക്കേണ്ടതാണ്. ജമാഅത്തിൽ ഒത്തൊരുമ ഉണ്ടാക്കുന്നതിനുള്ള വളരെ വലിയൊരു മാർഗമാണിത്. എന്നല്ല ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ജുമുഅയുമായി പ്രത്യേക ബന്ധമുണ്ട്. അല്ലാഹു ഈ കണ്ടുപിടിത്തം മുഖേന കാലത്തിന്റെ ഖലീഫയുടെ ഖുത്‌ബയേയും അതിന്റെ ഒരു ഭാഗമാക്കിയിരിക്കുന്നു. പിന്നീട് അല്ലാഹു പറയുന്നു: 'നിങ്ങളുടെ കച്ചവടങ്ങളും ഭൗതിക ജോലികളും കളിതമാശകളും നിങ്ങളെ ജുമുഅ നമസ്കരിക്കുന്നതിൽ നിന്ന് തടയുന്നതാകരുത്.' പ്രത്യേകിച്ചും ഇക്കാല ഘട്ടത്തിൽ വ്യാപാരങ്ങൾ ആഗോളാടിസ്ഥാനത്തിൽ ആയ കാരണത്താൽ നിങ്ങളെ കൂടുതൽ അതിൽ വ്യാപൃതരാക്കി വെക്കുന്നുണ്ട്. ഇപ്രകാരംതന്നെയാണ് നിങ്ങളുടെ കളികളും. ഭൗതികമായ തിരക്കുകളും. അത് അന്തർ ദേശീയതലത്തിലുള്ള കാരണത്താൽ സമയത്തിന്റെ പരിധികളുടെ

ശ്രദ്ധ ഉൾക്കൊള്ളുന്നില്ല. അവയിൽ നിങ്ങളോ ഒരു മുഅ്മിനോ എന്തായാലും ജുമുഅയുടെ പ്രാധാന്യത്തെ ഗൗനിക്കേണ്ടതാണ്. കാരണം ഒരു മുഅ്മിൻ ഏറ്റവുമധികം മുൻഗണന നല്കുന്നത് അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനാണ്. ഇതുതന്നെയാണ് ഒരു മുഅ്മിന്റെ മുൻഗണന ആയിരിക്കേണ്ടതും.

നബി(സ)തിരുമേനിയുടെ സ്വഹാബാക്കൾ അവിടത്തെ പരിശുദ്ധ ശക്തിപ്രഭാവം കാരണത്താൽ പരിപൂർണരായ നിലയിൽ പരിശുദ്ധരായിക്കഴിഞ്ഞിരുന്നു. അവർക്ക് അല്ലാഹുവിന്റെ തൃപ്തി പ്രഥമകാര്യമായിരുന്നു. അതുകൊണ്ട് കച്ചവടങ്ങളും കളിതമാശകളും കാരണത്താൽ ജുമുഅ ഉപേക്ഷിച്ചിട്ടുണ്ടാകുമെന്ന് അവരെക്കുറിച്ച് സങ്കല്പ്പിക്കാനെ കഴിയുകയില്ല. അതിനാൽ തീർച്ചയായും നമ്മുടെ കാലഘട്ടത്തിന്റെ അവസ്ഥയുടെ ചിത്രമാണിത്. ദീനിന്റെ പരിഗണന പിന്നാക്കം പോകുകയും ഭൗതികമായ പരിഗണനകൾ മുമ്പിൽ വരികയും ചെയ്യുന്ന മസീഹ് മൗഊദിന്റെ കാലഘട്ടത്തിന്റെ തന്നെ ചിത്രമാണിത്. 24 മണിക്കൂറും വ്യാപാരങ്ങളിലും മുഴുകിയിരിക്കുകയും ലോകത്തിന്റെ അകലം കുറഞ്ഞുപോകുകയും ചെയ്യുന്ന കാലം. മാധ്യമങ്ങളിലൂടെ ലോകത്തിലെ ഓരോ സ്ഥലത്തേയും കളിതമാശകളും മനസ്സിനെ ഹരം പിടിപ്പിക്കുന്ന കാര്യങ്ങളും എപ്പോഴും വീട്ടിൽ ലഭിച്ചുകൊണ്ടിരിക്കുന്ന കാലം! അല്ലാഹു പറയുന്നു: അത്തരം കാലത്ത് നിങ്ങൾ നിങ്ങളുടെ മുൻഗണന ശരിയാക്കി വെക്കുകയാണെങ്കിൽ ഓർമിക്കുക, അല്ലാഹുവിന്റെ കൃപാകടാക്ഷങ്ങൾ കരസ്ഥമാക്കുന്നവരാകും. ഒരു അവസരത്തിൽ നബി(സ)തിരുമേനി പറഞ്ഞു: ജുമുഅ നമസ്കരിക്കാൻ വരിക. ഇമാമിനോടു ചേർന്നിരിക്കുക. ഒരാൾ ജുമുഅയിൽ പിന്നിലിരുന്നിരുന്ന് ജന്നത്തിൽ നിന്ന് പിന്നിലായിപ്പോകുന്നു. വാസ്തവത്തിൽ അയാൾ സ്വർഗവാസികളിൽപ്പെട്ടയാളാണ്.

അമീറുൽമുഅ്മിനീൻ പറഞ്ഞു: ഹദ്റത്ത് മസീഹ് മൗഊദ്(അ)ജുമുഅയുടെ പ്രാധാന്യത്തെ കുറിച്ച് പറഞ്ഞു: 'ഈ പ്രാധാന്യത്തെ മുന്നിൽവച്ചുകൊണ്ട് അവിടന്ന് തന്റെ കാലഘട്ടത്തിൽ 1895-96 ൽ സർക്കാറിന്റെ മുമ്പിൽ ഒരു പദ്ധതി വെക്കാൻ ആഗ്രഹിച്ചു. അതായത് ഇന്ത്യയിൽ ജുമുഅ നിർവഹിക്കുന്നതിന് രണ്ടു മണിക്കൂർ അവധി അനുവദിക്കുക. അങ്ങനെ സർക്കാർ ഓഫീസുകളിലും മുസ്ലീംകളെക്കൊണ്ട് ഒപ്പിടുവിക്കാൻ തുടങ്ങി. പക്ഷേ, ആ സമയത്ത് മൗലവി മുഹമ്മദു ഹുസയ്ൻ സാഹിബ് ഒരു വിജ്ഞാപനം കൊടുത്തു. ഈ പ്രവൃത്തി നല്ലതാണെങ്കിൽത്തന്നെയും മിർസാസാഹിബിന്റെ കൈയാൽ അത് നടക്കാൻ പാടില്ല. ഞങ്ങൾ സ്വയം അതു ചെയ്യുന്നതാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞു, 'നമുക്കെന്തെങ്കിലും പേരും പ്രശസ്തിയും കിട്ടണമെന്ന താൽപര്യമില്ല. നിങ്ങൾ സ്വയം ചെയ്തുകൊള്ളുക. അങ്ങനെ അവിടന്ന് അതിനുള്ള ശ്രമം നിറുത്തി. പിന്നീടു അതിന്റെ പ്രവർത്തനം മുന്നോട്ടുപോയില്ല. എന്തായാലും ഒരവസരത്തിൽ ഇന്ത്യയിലെ വൈസ്രോയി കഴ്സൺ പ്രഭുവിന് ഹദ്റത്ത് മസീഹ് മൗഊദ്(അ)ഒരു മെമ്മോറിയൽ അയച്ചു. അതിൽ അദ്ദേഹത്തിന്റെ വിശേഷങ്ങൾ സ്മരിച്ചും മുസ്ലീംകളോടുള്ള കടമ നിർവഹിക്കുന്നതിന് നന്ദി പ്രകാശിപ്പിച്ചുകൊണ്ടും അവിടന്ന് എഴുതി: അവരുടെ ഒരാഗ്രഹം അതായത് മുസ്ലീംകളുടെ ഒരാഗ്രഹം അവശേഷിക്കുന്നുണ്ട്. അവർ പ്രതീക്ഷിക്കുന്നത് ഏതൊരു കൈകൾകൊണ്ടാണോ ഈ ആഗ്രഹങ്ങൾ പൂർത്തിയായത്, അതായത് മസ്ജിദുകൾ ലഭിച്ചതും മറ്റും! ആ കൈകൾകൊണ്ടുതന്നെ ഈ ആഗ്രഹവും പൂർത്തിയാകണമെന്നാണ്. ആ ആഗ്രഹമെന്താണെന്നുവച്ചാൽ ജുമുഅ ഒരു ഇസ്ലാമികമായ മഹത്തായ ആഘോഷ ദിവസമാണ്. വിശുദ്ധ ഖുർആൻ പ്രത്യേകിച്ചും ആ ദിവസത്തെ അവധിദിവസമായി നിശ്ചയിച്ചിരിക്കുന്നു. ഈ രാജ്യത്ത് മൂന്നു ജനതകളുണ്ട്. ഹിന്ദു, ക്രിസ്ത്യൻ, മുസ്ലിം. ഹിന്ദുക്കൾക്കും ക്രിസ്ത്യാനികൾക്കും അവരുടെ മതപരമായ ആചാരത്തിനുള്ള ദിവസം സർക്കാർ നല്കിയിട്ടുള്ളതാണ്. അതായത് ഞായറാഴ്ച. ഈ ദിവസം അവർ തങ്ങളുടെ ആചാരപരമായ മതാനുഷ്ഠാനങ്ങൾ നിവർവഹിക്കുന്നു. ഈ അവധി പൊതുവായ നിലയിലുള്ളതാണ്. പക്ഷേ, ഈ മൂന്നാമത്തെ കക്ഷി അതായത് മുസ്ലീംകൾ തങ്ങളുടെ ആഘോഷ ദിവസങ്ങളിൽനിന്ന് അതായത് ജുമുഅയിൽനിന്ന് തടയപ്പെട്ടിരിക്കുന്നു. പിന്നീട് അവിടന്ന് തുടർന്നെഴുതുന്നു; മുസ്ലീംകളുടെമേൽ ഈ സർക്കാർ ചെയ്തിട്ടുള്ള ആ ഔദാര്യങ്ങളുടെ ലിസ്റ്റിൽ ഈ ഔദാര്യംകൂടി ചെയ്യപ്പെട്ടാൽ അതായത് പൊതുവായ നിലയിൽ ജുമുഅ ദിവസം അവധി നല്കിയാൽ അത് തങ്കലിപികളാൽ എഴുതപ്പെടാൻ യോഗ്യമായിരിക്കും.

ഇന്ന് ഭൂരിപക്ഷ മുസ്ലീംകൾ അല്ലെങ്കിൽ ആലിമീംകൾ ഹദ്റത്ത് മസീഹ് മൗഊദിന്നെതിരിൽ ബ്രിട്ടീഷുകാർ നട്ട ചെടിയാണെന്ന് പറഞ്ഞ് ആക്ഷേപം ഉന്നയിക്കുന്നു. പക്ഷേ, മുസ്ലീംകളുടെ മതപരമായ അവകാശങ്ങളിലേക്ക് ബ്രിട്ടീഷു സർക്കാരിന്റെ ശ്രദ്ധ ആരെങ്കിലും ക്ഷണിച്ചിട്ടുണ്ടെങ്കിൽ അത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ആയിരുന്നു. മറ്റൊരു മുസ്ലിം കക്ഷിക്കും അതിന് തൗഫീഖ് കിട്ടിയിട്ടില്ല. അത് അദ്ദേഹത്തിന്റെ ജോലിയുമായിരുന്നു. കാരണം ഇക്കാലം, ഇതിൽ ഇസ്ലാമിന്റെ പ്രാധാന്യം ലോകത്തിന്റെ മുമ്പിൽ വ്യക്തമാക്കണമെങ്കിൽ, അതിന്റെ യഥാർഥമായ അധ്യാപനമനുസരിച്ച് പ്രവർത്തിപ്പിക്കണമെങ്കിൽ അത് അദ്ദേഹം മുഖേനയായിരുന്നു ഉണ്ടാകേണ്ടിയിരുന്നത്. ഇത് അദ്ദേഹത്തിൽ അർപിതമായ ജോലിയായിരുന്നു. അതുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിക്കുന്നുവെന്നു വാദിക്കുന്ന നമ്മൾ നമ്മുടെ ഓരോ കർമങ്ങളിൽനിന്നും വാക്കുകളിൽനിന്നും ഇസ്ലാമികാധ്യാപനങ്ങളുടെ യാഥാർഥ്യം വെളിപ്പെടേണ്ടതാണ്. ഈ റമളാൻ ഏതൊരു ആഗ്രഹവുമായിട്ടാണോ വന്നത് ഏതൊരു

അനുഗ്രഹങ്ങൾ ഉപേക്ഷിച്ചാണോ പോകുന്നത് അതിനെ നമ്മൾ നമ്മുടെ ജീവിതത്തിന്റെ ഭാഗമാക്കുമെന്ന് പ്രതിജ്ഞ ചെയ്യേണ്ടതാണ്. ഇൻശാ അല്ലാഹ്! നമ്മൾ ഇസ്‌ലാമിന്റെ കർമപരമായ ചിത്രം വെറും ഒരു മാസമല്ല, മറിച്ച് കാലത്തിന്റെ ഇമാമിനോടു ചെയ്തിട്ടുള്ള പ്രതിജ്ഞ സ്ഥിരമായി പൂർത്തിയാക്കേണ്ടതാണ്.

അതുകൊണ്ട് നമ്മൾ ചെയ്തിട്ടുള്ള ബയ്അത്ത് പ്രതിജ്ഞ പൂർത്തിയാക്കുന്നവരാകുമെന്ന് ഇന്ന് നമ്മൾ എല്ലാവരും പ്രതിജ്ഞ ചെയ്യുക; ഒരു മുഅ്മിനൽനിന്ന് പ്രതീക്ഷിക്കുകയും അല്ലാഹു കല്പിക്കുകയും ഹദ്റത്ത് മസീഹ് മൗഊദ്(അ)പ്രകടിപ്പിക്കുകയും ചെയ്തതുപോലെ അല്ലാഹുവിനോടും അവന്റെ സൃഷ്ടികളോടുമുള്ള കടമ നിറവേറ്റാൻ ശ്രമിക്കുന്നതാണ്. റമളാന്റെ അനുഗ്രഹങ്ങളെ എപ്പോഴും നമ്മൾ നമ്മുടെ ജീവിതത്തിന്റെ ഭാഗമാക്കുന്നതാണ്. ഇൻശാ അല്ലാഹ്! അല്ലാഹു അതിനു നമുക്ക് തൗഫീഖ് നല്കുമാറാകട്ടെ. ആമീൻ.

(വിവ: മുഹമ്മദ് ഇസ്മായീൽ ആലപ്പുഴ, ബദ്ർ മലയാളം എഡിറ്റർ)

Friday Sermon delivered by **Hadrath Khaleefathul Masih Al-khamis** (atba)
at Baithul Futuh,London– on 01.07.16
Malayalam Translation : **Moulvi Mohammed Ismail Alleppey**, For Malayalam Desk,Qadian.
Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516

If Undelivered Please Return To
Ahmadiyya Muslim Jama'at
Baithul Quddoos, G.H.Road
Calicut - 673001,Kerala